# ഹാൻസ് വിൽപ്പന നടത്തിയ കടയുടമകളെ അറസ്റ്റ് ചെയ്തു

നിരോധിത പുകയില ഉൽപ്പന്നങ്ങൾ വിൽപ്പന നടത്തിയ കടയുടമയേയും, മൊത്ത വിതരണക്കാരനേയും നോർത്ത് പറവൂർ പോലീസ് അറസ്റ്റ് ചെയ്തു.

. ഏഴിക്കര പഞ്ചായത്തുപടിയിൽ പലചരക്ക് കട നടത്തുന്ന ഷാജി, 50/17, S/o ഉണ്ണി, കളത്തിത്തറ വീട്, പഞ്ചായത്ത് പടി പടിഞ്ഞാറ്, ഏഴിക്കര വില്ലേജ് എന്നയാളേയും  ടിയാന് ഹാൻസ് എത്തിച്ചു കൊടുക്കുന്ന പറവൂർ മാർക്കറ്റിൽ മൊത്തവിൽപ്പന നടത്തുന്ന അഷറഫ്,46/17, S/o അബ്ദുൾകരിം, കണ്ണംചക്കശ്ശേരി വീട്, ആലംതുരുത്ത് വടക്കേക്കര  എന്നയാളേയും ആണ് അറസ്റ്റ് ചെയ്തത്. കടയിൽ നിന്നും 101 പായ്ക്കറ്റ് ഹാൻസും കണ്ടെടുത്തു.

എറണാകുളം റൂറൽ ജില്ലാ പോലീസ് മേധാവി ശ്രീ. എ.വി.ജോർജ്ജ് ഐപിഎസ് അവർകൾക്ക് ലഭിച്ച രഹസ്യവിവരത്തിൻെറ അടിസ്ഥാനത്തിൽ പറവൂർ പോലീസ് സ്റ്റേഷൻ സബ്ബ് ഇൻസ്പെക്ടർ ടി വി ഷിബുവിൻെറ നേതൃത്വത്തിൽ CPO സെബാസ്റ്റ്യൻ, CPO ജോഷി എന്നിവരും SP യുടെ കീഴിലുള്ള ആൻറീ-നാർക്കോട്ടിക് സ്ക്വാഡും കൂടി ചേർന്നാണ് പ്രതികളെ അറസ്റ്റ് ചെയ്തത്.

അഷറഫ് എന്നയാളെ ഇതിനുമുൻപും ഹാൻസ് കൈവശം വച്ച് വിൽപ്പന നടത്തുന്നതിന് പോലീസ് അറസ്റ്റ് ചെയ്തിട്ടുള്ളതാണ് . പ്രതികളെ നോർത്ത് പറവൂർ കോടതിയിൽ ഹാജരാക്കി റിമാൻെറ് ചെയ്തു.